"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) യിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന ടൗൺ പ്ലാനർ ശ്രീമതി എം.എം. ഷീബയുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1899/2024/LSGD തീയതി,തിരുവനന്തപുരം, 12-10-2024

---

പരാമർശം:-
1. 10.05.20213 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ (പി) നം. 580/2013/ധന നമ്പർ ഉത്തരവ്
3. 05.10.2021 തീയതിയിലെ സ.ഉ (സാധാ) നം. 1910/2021/തസ്വഭവ നമ്പർ ഉത്തരവ്
4. 11.04.2023 തീയതിയിലെ സ.ഉ (സാധാ) നം. 859/2023/തസ്വഭവ നമ്പർ ഉത്തരവ്
5. 02.11.2023 തീയതിയിലെ സ.ഉ (സാധാ) നം. 2157/2023/തസ്വഭവ നമ്പർ ഉത്തരവ്
6. 18.09.2024 തീയതിയിലെ ജിസിഡിഎ സെക്രട്ടറിയുടെ 6025/എസ്റ്റാ.1/2022/ജിസിഡിഎ നമ്പർ കത്ത്
7. 09.09.2024 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/57592/2023-DEAS നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി എം.എം. ഷീബയെ പരാമർശം (3) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5) എന്നിവ പ്രകാരം ആയത് ഓരോ വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ശ്രീമതി എം.എം. ഷീബ ടൗൺ പ്ലാനറുടെ വിശാല കൊച്ചി വികസന അതോറിറ്റിയിലെ അന്യത്ര സേവന കാലാവധി 18.10.2024 തീയതിയിൽ അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് അതോറിറ്റി സെക്രട്ടറി പരാമർശം (6) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ശ്രീമതി എം.എം. ഷീബയുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചുനൽക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം നിരാക്ഷേപ പത്രം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന എറണാകുളം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി എം.എം.

ഷീബയുടെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം-I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 19.10.2024 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി (നാലാം തവണ) ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (ജിസിഡിഎ സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, പ്രസിഡന്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരളം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഐ.എ3/123/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 14-10-2024 10:11:36
സെക്ഷൻ ഓഫീസർ